FIRST SEMESTER P.G. DEGREE EXAMINATION

(CCSS)

M.A. Malayalam

MAL 1 CO4 - മലയാളവ്യാകരണം

(MALAYALAM GRAMMAR)

Model Question Paper

Time: 3 Hours **Maximum - 80 marks**

I. ഓരോന്നിനും അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക. (4 x 2 = 8)

1. എന്താണ് വ്യാകരണം ? വിശദീകരിക്കുക.
2. സന്ധി നിർവ്വചിച്ച് എത്ര തരത്തിൽ സന്ധിയെ വർഗ്ഗീകരിക്കാം എന്ന് വിവരിക്കുക.
3. വിഭക്തിയും കാരകവും തമ്മിലുള്ള ബന്ധം പരിശോധിക്കുക.
4. വാക്യത്തിലെ ആകാംക്ഷയെ മുൻനിർത്തി ആകാംക്ഷാപൂർത്തിയെ വിശദമാക്കുക.
5. വിനയെച്ചങ്ങൾ വർഗ്ഗീകരിക്കുക.
6. മലയാളഭാഷോല്പത്തിയെക്കുറിച്ച് ഉള്ളൂർ മുന്നോട്ടു വെച്ച വാദം വ്യക്തമാക്കുക.
7. വാചകം ദ്യോതകം ഈ വിഭജനത്തിന് ഏ.ആർ. പറയുന്ന യുക്തിയെ വിമർശനാത്മകമായി വിലയിരുത്തുക.

II. ഓരോന്നിനും നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യത്തിന് ഉത്തരമെഴുതുക. (4 x 10 = 40)

8. മലയാളത്തിലെ ഭാഷോല്പത്തി വാദങ്ങളെ താരതമ്യം ചെയ്യുക.
9. മലയാളത്തിൽ ഭേദകം എന്നൊരു വ്യാകരണവിഭാഗം അനുപേക്ഷണീയമാണോ ? ചർച്ച ചെയ്ത് സ്ഥാപിക്കുക.
10. വിഭക്തി ചർച്ചയിൽ കേരളപാണിനി സ്വീകരിച്ച ഉപവിഭാഗങ്ങളുടെ പ്രസക്തി വിശകലനം ചെയ്യുക.
11. കേരളപാണിനീയത്തിലെ കാലപ്രത്യയചർച്ച സംഗ്രഹിക്കുക.
12. മലയാളത്തിലെ വ്യാകരണ രചനകൾക്ക് പശ്ചാത്തലമായ് സംസ്കൃതദ്രാവിഡ വ്യാകരണ ഗ്രന്ഥങ്ങൾ ഏതൊക്കെ ? സാമാന്യമായി പരിചയപ്പെടുത്തുക.
13. മലയാളത്തിലെ പ്രധാന വാക്യരീതികൾ വിവരിച്ച് വർഗ്ഗീകരണത്തിന്റെ യുക്തി പരിശോധിക്കുക.

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക. (2 x 16 = 32)

14. പുതുപദനിഷ്പത്തിയിൽ സമാസങ്ങളുടെ വ്യാകരണ ധർമ്മവും പ്രസക്തിയും വിവരിക്കുക.
15. കേരളപാണിനീയത്തിലെ സന്ധിചർച്ചയെ വിമർശനാത്മകമായി വിലയിരുത്തുക.
16. അനുപ്രയോഗം, ഗതി എന്നീ വ്യാകരണ വിഭാഗങ്ങളുടെ പ്രവർത്തനരീതി താരതമ്യം ചെയ്യുക.
17. പ്രകാരങ്ങൾ വാക്യഘടനാപരമെന്നതിനപ്പുറം സാംസ്കാരികമായ വിവക്ഷകളാണുല്പാദിപ്പിക്കുന്നത്. പര്യാലോചിക്കുക.